കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം - കൊടുങ്ങല്ലൂർനിയോജകമണ്ഡലംഅന്നമനട ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മാണം -ഭരണാനുമതിഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.3489/17/തസ്വഭവ തിരുവനന്തപുരം, തീയതി, 31.10.2017

വായന-1. 06/11/2012 ലെ സ.ഉ (അച്ചടി) 332/12/ധന. നമ്പർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 08/06/2017 ലെ ഡി.ബി7-6200/17/സി.ഇ/തസ്വഭവ. നമ്പർ കത്ത്.

**ഉത്തരവ്**

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. വി.ആർ.സുനിൽകുമാർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പ്രോജക്ട് ഐ.ഡി. 3091 അന്നമനട ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 28 ലക്ഷം രൂപയ്ക്ക് (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് വായന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.വി.ആർ.സുനിൽകുമാർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പ്രോജക്ട് ഐ.ഡി.3091 അന്നമനട ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 28 ലക്ഷം രൂപയ്ക്ക് (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം)വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും വായന (1) ലെ സർക്കാർ ഉത്തരവും പാലിക്കണമെന്ന് നിർദ്ദേശിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി.എ.ഡി.എസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
സെക്രട്ടറി അന്നമനട ഗ്രാമപഞ്ചായത്ത്
ധനകാര്യ വകുപ്പ് (അ.നം1298/NC-C3/2017/Fin തീയ്യതി .09.10.2017)
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/72/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ